## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 247 — 18/07/2016 ൽ മറുപടിക്ക്

## റീസർവ്വെ ജോലികളുടെ പൂർത്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) ഇല്ല. സംസ്ഥാനത്ത് ആകെയുളള 1664 വില്ലേജുകളിൽ 881 വില്ലേജുകളിലെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളിലെ റീസർവ്വേ ജോലികൾ വിവിധ ഘട്ടത്തിലുമാണ്. ഇതിൽ 50 വില്ലേജുകളിൽ സെക്ഷൻ 9(2) ഉം, 11 വില്ലേജുകളിൽ സെക്ഷൻ 13 ഉം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 409/2012/റവന്യൂ തീയതി 31/10/2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് റീസർവ്വേ ജോലികൾ പൂർത്തീകരിക്കാനുളളതെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റീസർവ്വേ ജോലികൾ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്. |
| (സി) ഭൂമികേരളം പദ്ധതി മുഖേന റീസർവ്വേ ജോലികൾ എത്രത്തോളം പൂർത്തീകരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) ഭൂമികേരളം പദ്ധതി മുഖേന 7 വില്ലേജിന്റെ റീസർവ്വേ ജോലികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ഡി) റീസർവ്വെ ജോലികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (ഡി) റീസർവ്വെ ജോലികൾ പൂർത്തിയാക്കുന്നതിന് ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ, ജി.പി.എസ്, കമ്പ്യൂട്ടർ മുതലായ ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) റീസർവ്വെ ജോലികൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളതെന്ന് വിശദമാക്കുമോ? | (ഇ) റീസർവ്വേ ജോലികളുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ ഭൂവുടമകൾക്ക് ഭൂമി സംബന്ധമായ പരാതികൾ നൽകാൻ അവസരമുണ്ട്. റീസർവ്വേ പൂർത്തിയാക്കി റെക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനു മുമ്പായി സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുകയും അതുവഴി പൊതുജനങ്ങൾക്ക് സർവ്വേ റിക്കാർഡുകൾ നേരിട്ടു |

കണ്ട് ആക്ഷേപമുണ്ടെങ്കിൽ അപേക്ഷ നൽകി പരിഹാരം കാണാവുന്നതുമാണ്. റീസർവ്വേ ജോലികൾ കൃത്യതയോടെയും വേഗത്തിലും നിർവ്വഹിക്കുന്നതിനായി ETS, GPS, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ആധുനിക സർവ്വേ ഉപകരണങ്ങളും, കമ്പ്യൂട്ടറും ഉപയോഗിച്ച് സർവ്വേ നടത്തുന്ന വില്ലേജുകളിൽ റിക്കാർഡ്ഡു പ്രദർശനത്തിനു നൽകുന്ന അവസരത്തിൽ കൈവശക്കാരന് സൗജന്യമായി സ്ഥലത്തിന്റെ പ്ലാനിന്റെ പകർപ്പ് നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഭൂവുടമകൾക്ക് സർവ്വേ റിക്കാർഡുകൾ നേരിൽ കണ്ട്, ആക്ഷേപമുണ്ടെങ്കിൽ ആയത് ഉന്നയിക്കാൻ അവസരം നൽകി ആക്ഷേപം തീർപ്പാക്കുന്നു. സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രസിദ്ധീകരിച്ച് റിക്കാർഡുകൾ ഫൈനൽ ആക്കുന്നതു വഴി റീസർവ്വേ പരാതിരഹിതമാക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ